*True beauty consists of purity of heart. - Gandhiji*

ഗാന്ധിയൻ ചിന്തയിലെ വളരെ പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് ആത്മശുദ്ധി എന്ന സങ്കല്പം. ഇതിനെ കൂടുതൽ ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ ഇന്ത്യാക്കാരുടെ രാഷ്ട്രീയ അബോധ (Political Unconscious)ത്തിലേക്കുപോലും കടന്നുചെന്ന ഗാന്ധിയുടെ സൂക്ഷ്മജാഗ്രതയുടെ ആഴവും പരപ്പും വെളിച്ചപ്പെടും. ഗാന്ധിജിയുടെ ചിന്തയിൽ ശുദ്ധിയെന്നത് വ്യക്തിശുചിത്വത്തിന്റെയോ പരിസരശുചിത്വത്തിന്റെയോ മാത്രം വിഷയമല്ല, അതിലുമുപരി ആത്മശുദ്ധിയാണ്. ഒരു മനുഷ്യന്റെ ആത്യന്തിക ധർമ്മം ആത്മശുദ്ധീകരണവും അതിനുപയോഗിക്കേണ്ട ഏറ്റവും കരുത്തുറ്റ ആയുധം അഹിംസയുമാണ്. ആത്മശുദ്ധിയില്ലാത്ത ഒരുവന്റെ ഹൃദയത്തിൽ ദൈവം പാർക്കുകയില്ല എന്ന് ഗാന്ധിജി പറഞ്ഞു. ആത്മശുദ്ധീകരണമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ശുദ്ധിയാണ്: ചിന്തയിലും സംസാരത്തിലും പ്രവർത്തിയിലുമുണ്ടാവേണ്ടതാണ് അത്. തന്റെ സഹജീവികൾക്കിടയിൽ ഏറ്റവും താഴ്ന്നു നിൽക്കുന്നവനാണ്, വെറും പൂജ്യം മാത്രമായി സ്വയം കരുതുന്നിടത്തോളം വിനയാന്വിതനാകുമ്പോഴാണ് അവൻ ആത്മശുദ്ധിയുള്ളവനാകുന്നത്. "നാം ഹൃദയശുദ്ധിയുള്ളവരാകുമ്പോൾ നമ്മുടെ

ഹൃദയത്തിൽ നിന്നും സ്നേഹമൊഴികെ എല്ലാം കെട്ടുപാടുകളും കൊഴിഞ്ഞുപോകു"മെന്നും അദ്ദേഹം ആത്മകഥയിൽ എഴുതി. അകളങ്കിതരായ, ആത്മശുദ്ധിയുള്ള മനുഷ്യർ അവരുടെ ചുറ്റുമുള്ള അന്തരീക്ഷം പോലും വിമലീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആത്മശുദ്ധി പൂർണമായും കൈവരിക്കാൻ തനിക്ക് സാധിച്ചിട്ടില്ല എന്നും എന്നാൽ അതിനുള്ള പരിശ്രമത്തിലാണ് താൻ എന്നും തുറന്നു പറയായാൻ അദ്ദേഹം മടി കാണിച്ചില്ല. ഈ ആത്മശുദ്ധിയുടെ, ഹൃദയശുദ്ധിയുടെ പ്രതിഫലനം മാത്രമാണ് വ്യക്തിശുചിത്വവും അതിലൂടെ സാധ്യമാകുന്ന പരിസരശുചിത്വവും.

ആത്മശുദ്ധി കൈവരിക്കാൻ സ്വന്തം മനസ്സിലെ മാലിന്യമാണ് ആദ്യം നിർമാർജ്ജനം ചെയ്യേണ്ടത് എന്ന് ഗാന്ധിജി ലോകത്തോട് വിളിച്ചു പറഞ്ഞു. മനുഷ്യരുടെ ഹൃദയത്തിലെ ഏറ്റവും വലിയ മാലിന്യം ജാതിക്കോയ്മയും അയിത്തവും തൊട്ടുകൂടായ്മയുമാണ്. അത് ശുദ്ധീകരിക്കാതെ സമൂഹത്തെ ശുദ്ധീകരിക്കാനാവില്ല എന്ന് ഗാന്ധിജിയ്ക്ക് അറിയാമായിരുന്നു. മലം കോരുന്നത് താഴ്ന്ന ജാതിക്കാരുടെ മാത്രം ചുമതലയാണ് എന്ന വിശ്വാസം രൂഢമൂലമായിരുന്ന കാലത്ത്, “Everyone must be his own scavenger” എന്ന് ഗാന്ധിജിയുടെ വാചകത്തിന് സവർണ്ണരുടെ പ്രാമാണ്യബോധത്തെ മാത്രമല്ല ജാതിവ്യവസ്ഥയെത്തന്നെ അടിയുലയ്ക്കാനുള്ള സ്ഫോടകശേഷിയുണ്ടായിരുന്നു. സ്വയം സൃഷ്ടിക്കുന്ന മാലിന്യം സ്വന്തം ഉത്തരവാദിത്വമാണെന്ന ചിന്ത കേവല ശുചിത്വബോധത്തിൽ നിന്ന് ഉയർന്നു വന്നതല്ല എന്നർഥം.

## <u>മൂന്ന്</u>

*“Self-purification, therefore, must mean purification in all the walks of life. And purification being highly infectious, purification of oneself necessarily leads to the purification of one's surroundings.” - Gandhiji*

ജാതിയും മാലിന്യവും തമ്മിലുള്ള ബന്ധം ഇതിനോടകം പല നരവംശ ശാസ്ത്രജ്ഞരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ജാതി എന്നത് ശുദ്ധിയുടെ അവരോഹണക്രമമാണ്. ശുദ്ധിയെ അടിസ്ഥാനമാക്കിയുള്ള ശ്രേണീബദ്ധമായ സാമൂഹികക്രമം (Hierarchical social order), സമജാതി വിവാഹം(endogamy), കുലത്തൊഴിൽ എന്നിവയാണ് ജാതിയെ നിലനിർത്തുന്ന അടിസ്ഥാന ഘടകങ്ങൾ. ഇതിൽ ആദ്യത്തേതാണ് പ്രധാനം. ഇതനുസരിച്ച് മേൽത്തട്ടിൽ നിൽക്കുന്ന ജാതികളാണ് ഏറ്റവും ശുദ്ധർ. അതിനു തൊട്ടുതാഴെയുള്ള ജാതി മേൽപറഞ്ഞവരെക്കാൾ ശുദ്ധി കുറഞ്ഞവരെങ്കിലും തങ്ങൾക്കു താഴെയുള്ളവരെക്കാൾ ശുദ്ധിയുള്ളവരായിരിക്കും. ഇങ്ങനെ ഒട്ടുമിക്ക എല്ലാ ജാതികളിലും പെടുന്നവർക്ക് തങ്ങളേക്കാൾ ശുദ്ധി കുറഞ്ഞവരെ സമൂഹശ്രേണിയിൽ കണ്ടെത്താൻ സാധിക്കും.

പൊതുഇടവും സ്വകാര്യ ഇടവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഇന്ത്യാക്കാരും യൂറോപ്യന്മാരും പുലർത്തുന്ന തീർത്തും പരസ്പര വിരുദ്ധമായ വിശ്വാസം ഇതോടു കൂട്ടിവായിക്കേണ്ടതുണ്ട്. തങ്ങൾക്കു മലിനമാക്കാൻ സ്വാതന്ത്ര്യമുള്ള ഇടമാണ് യൂറോപ്യരെ സംബന്ധിച്ചിടത്തോളം സ്വകാര്യയിടം. എന്നാൽ മലിനമാക്കാൻ തങ്ങൾക്ക് അനുവാദമില്ലാത്ത ഇടമായാണ് അവർ പൊതുഇടത്തെ കാണുക. ഇന്ത്യയിൽ സംഗതി നേരെ തിരിച്ചാണ്. തങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ട ഇടമാണ് അവരെ സംബന്ധിച്ചിടത്തോളം സ്വകാര്യയിടം. അത്തരം നിർബന്ധമില്ലാത്ത ഇടമാണ് പൊതുഇടം. യൂറോപ്യന്മാർ സ്വന്തം ശരീരത്തെ കാണുന്നത് ഒരു മാലിന്യവാഹിനി ആയിട്ടാണ് എന്ന് പറയാറുണ്ട്. (ക്രിസ്തുമതവുമായി ബന്ധപ്പെട്ട പാപബോധം ഇതിനൊരു കാരണമായിരിക്കാം എന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു). വൃത്തിയുള്ള ചുറ്റുപാടിൽ ജീവിക്കുന്ന വൃത്തികെട്ട മനുഷ്യർ എന്ന നിലയ്ക്കാണ് അവർ സ്വയം കാണുന്നത്. അതുകൊണ്ട് തന്നെ അവർ പൊതുസ്ഥലങ്ങളിൽ തുപ്പുകയോ വൃത്തികേടാക്കുകയോ കഴിയുന്നിടത്തോളം ചെയ്യാറില്ല[1].

ഇന്ത്യയിലാകട്ടെ മനുഷ്യർ സ്വയം കാണുന്നത് വൃത്തികെട്ട ചുറ്റുപാടിൽ ജീവിക്കുന്ന വൃത്തിയുള്ള/ശുദ്ധിയുള്ള മനുഷ്യരെന്ന നിലയ്ക്കാണ്. ഇതിനു ആശയപരമായ അടിത്തറയൊരുക്കുന്നത് ശുദ്ധിയുടെ അടിസ്ഥാനത്തിൽ ശ്രേണീകരിക്കപ്പെട്ട ജാതിവ്യവസ്ഥയാണ്. ജാതിയിൽ കുറഞ്ഞ വ്യക്തിക്ക് പോലും തനിക്ക് താഴെയുള്ള ജാതികളെ അപേക്ഷിച്ച് ശുദ്ധിയുള്ളവരായി സ്വയം സ്ഥാപിക്കാൻ അവസരമൊക്കുന്നുണ്ട് ജാതിയുടെ ഈ ക്രമം.

മനുഷ്യരൂപം പൂണ്ട മാലിന്യമായിട്ടാണ് തനിക്ക് താഴെയുള്ള ജാതിക്കാരെ ഇന്ത്യാക്കാർ കാണുന്നത്. ഏറ്റവും താഴെയുള്ളവനാണ് ഏറ്റവും മലിനൻ. ഈ മനുഷ്യർ പാർക്കുന്ന ലോകമാണ് അശുദ്ധി നിറഞ്ഞ ലോകം. അവരുമായി കഴിയുന്നിടത്തോളം അകലം പാലിക്കുക എന്നതാണ് മുകളിലുള്ളവരുടെ ജാതിധർമ്മം[2]. ഇതോടൊപ്പം, ഇന്ത്യയിലെ നിറവിഭജനങ്ങൾ വളരെ പ്രധാനമാണ് എന്ന് ഓർക്കേണ്ടതുണ്ട്. വെളുപ്പു ബ്രാഹ്മണനോടും ശുദ്ധിയോടും സൗന്ദര്യത്തോടും ബന്ധപ്പെട്ട നിറമാണ്. കറുപ്പാകട്ടെ താഴ്ന്ന ജാതിക്കാരനോടും മാലിന്യത്തോടും മലത്തോടും ബന്ധപ്പെട്ട നിറമാണ്.

ഇന്ത്യയിൽ അശുദ്ധിയുടെ അഥവാ മാലിന്യത്തിന്റെ സ്രോതസ്സ് മനുഷ്യരും മനുഷ്യർ പാർക്കുന്ന ചുറ്റുപാടുകളുമായിരിക്കെ, ഇവിടെ പരിസര ശുചിത്വമോ വ്യക്തിശുചിത്വമോ പ്രധാനമല്ല. എല്ലാവരുടെയും ആദ്യത്തെ കടമ സ്വന്തം ശുദ്ധി സംരക്ഷിക്കലാണ്. ജാതി നിലനിൽക്കുന്ന സമൂഹങ്ങളിൽ അതുകൊണ്ടാണ് ആചാരപരമായ ശുദ്ധി ജനങ്ങളെ സംബധിച്ചിടത്തോളം പ്രധാനമാവുകയും പരിസര ശുചിത്വം അവഗണിക്കപ്പെടുകയും ചെയ്തത്. ജാതിരഹിതമായ സമൂഹങ്ങളിൽ ഇത്തരമൊരു പ്രശ്നം നിലനിലനിൽക്കുന്നില്ല. ഉദാഹരണത്തിന് നാഗാലാന്റിലെ അഹോ നാഗ(Ao Naga) ഗോത്രവർഗ്ഗക്കാർ മറ്റു ജാതിവത്കൃത സമൂഹങ്ങളിൽ നിന്നും വ്യത്യസ്തമായി പരിസര ശുചിത്വത്തെ വളരെ പ്രധാനപ്പെട്ടതായി കണക്കാക്കുന്നുണ്ട്.

ആചാരപരമായ ശുദ്ധിയ്ക്കാണ് പ്രാധാന്യം അല്ലാതെ ശുചിത്വത്തിനല്ല എന്നതുകൊണ്ടു തന്നെ Hygiene എന്ന പദത്തിന് തത്തുല്യമായ വാക്ക് ഇന്ത്യൻ പശ്ചാത്തലത്തിൽ കണ്ടെത്താൻ ബുദ്ധിമുട്ടാണ് എന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വൃത്തിയെ ശുദ്ധിയുമായി ബന്ധിപ്പിച്ചു മാത്രമേ ഹിന്ദു മതഭാവനയ്ക്ക് സങ്കൽപ്പിക്കാനാവൂ. ഹൈന്ദവ വിശ്വാസമനുസരിച്ച് ദൈവികമായ ശുദ്ധിയുള്ള ഒന്നിനെ കളങ്കപ്പെടുത്താനാവില്ല. പുണ്യനദിയായ ഗംഗയിൽ എത്ര മാലിന്യം ഒഴുക്കിയാലും ഗംഗ പുണ്യനദിയായി തന്നെ തുടരുന്നു എന്നാണ് വിശ്വാസം. യാഗങ്ങളിൽ അഗ്നിക്ക് പ്രത്യേക പ്രാധാന്യം കിട്ടുന്നതിന്റെ കാരണം തന്നെ അഗ്നി എല്ലാ മാലിന്യങ്ങളെയും ഭസ്മമാക്കുകയും സ്വയം മലിനമാകാതിരിക്കുകയും ചെയ്യുന്നതുകൊണ്ടു കൂടിയാണ്[3] .

ഹിന്ദു വിശ്വാസസംഹിതയുടെ മുൻഗാമിയായിരുന്നു വൈദിക സംസ്കാരത്തോട് എതിരിട്ടു കൊണ്ട് നിലവിൽ വന്ന രണ്ടു പ്രമുഖ വിശ്വാസ ധാരകളും - ബുദ്ധമതവും ജൈനമതവും – ആചാരശുദ്ധിയ്ക്കല്ല ആത്മശുദ്ധിയ്ക്കാണ് പ്രാധാന്യം കൊടുത്തത് എന്നത് ഇതുമായി ചേർത്തു വായിക്കേണ്ടതുണ്ട്. ബുദ്ധമതമാകട്ടെ അതിനൊപ്പം പരിസര-വ്യക്തി ശുചിത്വത്തിന് അതീവ ശ്രദ്ധയാണ് കൊടുത്തിരുന്നത്. ദിവസേനെയുള്ള കുളി, ദന്തശുചിത്വം, വസ്ത്രം കഴുകൽ, വൃത്തിയുള വസ്ത്രം ധരിക്കൽ, ഭിക്ഷാപാത്രം ശുചിയാക്കൽ തുടങ്ങിയവ ബുദ്ധ സന്ന്യാസിമാർക്കിടയിൽ വളരെ നിർബന്ധമായിരുന്നു. ഭിക്ഷയായി കിട്ടുന്ന ആഹാരപദാർഥങ്ങൾ ചീഞ്ഞതോ കാലപ്പഴക്കം ചെന്നതോ ആണെങ്കിൽ അത് സ്വീകരിക്കരുത് എന്ന ചട്ടവും ഉണ്ടായിരുന്നു. ബുദ്ധ സന്ന്യാസിമാരിൽ പലരും മികച്ച ആയുർവേദ പണ്ഡിതരും ഭിഷഗ്വരരും ആയിരുന്നതിനാൽത്തന്നെ മലിനമായ ഭക്ഷണവും വെള്ളവും രോഗങ്ങൾക്ക് കാരണമാകും എന്ന തിരിച്ചറിവും അവർക്ക് ഉണ്ടായിരുന്നു. ഏതായാലും പത്താം നൂറ്റാണ്ടോടുകൂടി ബുദ്ധമതവും ജൈനമതവും തകർച്ച നേരിട്ടതോടെ വൈദിക ഹിന്ദുമതത്തിന്റെ ശുദ്ധിസങ്കൽപ്പത്തെ വെല്ലുവിളിക്കുന്ന ഒരു ബദൽ ലോകവീക്ഷണം അസ്തമിച്ചു.

പിന്നീട് ബ്രിട്ടീഷുകാരുടെ വരവോടെയാണ് ഈ ശുദ്ധികേന്ദ്രിതമായ സങ്കല്പങ്ങൾ വീണ്ടും ഗുരുതരമായ ഭീഷണി നേരിടുന്നത്. അവർക്കൊപ്പം വന്ന ക്രിസ്ത്യൻ മിഷനറിമാർ ശുചിത്വത്തെ പ്രധാനപ്പെട്ട ഒന്നായി കരുതുകയും അത് ഇന്ത്യയിലെ ജനങ്ങൾക്ക് പകർന്നു നൽകാൻ ശ്രമിക്കുകയും ചെയ്തു. Cleanliness is next to godliness എന്ന ക്രിസ്ത്യൻ സങ്കൽപ്പം പിൻപറ്റാൻ അവർ പ്രചരണം നടത്തി. അച്ചടക്കമുള്ള ജീവിതം, വൃത്തിയുള്ള വസ്ത്രങ്ങൾ, അടുക്കും ചിട്ടയുമുള്ള വീട്, ശുചിത്വമാർന്ന അടുക്കള തുടങ്ങയവ അവരെ സംബന്ധിച്ചിടത്തോളം അഭിമാന ചിഹ്നങ്ങളായിരുന്നു. സുവിശേഷത്തോടൊപ്പം സോപ്പും അവർ പ്രചരിപ്പിച്ചു. ഇന്ത്യക്കാരെ വൃത്തിരഹിതരായ ജനതയായും തങ്ങളെ വൃത്തിയുള്ളവരായും അത് കൊണ്ട് തന്നെ തദ്ദേശീയരെക്കാൾ സാംസ്കാരികമായി മുകളിൽ നിൽക്കുന്നവരായുമാണ് അവർ സ്വയം കണ്ടത്. ഈ മേലാളബോധം കൊണ്ട് തന്നെ ജനങ്ങളുടെ ആത്മാവിനെ സ്പർശിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഒറ്റപ്പെട്ട മാറ്റങ്ങൾ ചിലയിടങ്ങളിലെങ്കിലും സാധ്യമാക്കാൻ കഴിഞ്ഞെങ്കിലും

തദ്ദേശീയരുടെ ബോധമണ്ഡലത്തെ ഒന്നാകെ പുതുക്കിപ്പണിയുന്നതിൽ അവർ പാടേ പരാജയപ്പെട്ടു സാംസ്കാരികമായും സാമൂഹ്യമായും അത്രയാഴത്തിൽ വേരോടിക്കിടക്കുന്ന ലോകബോധങ്ങളെ കടപുഴക്കാൻ ഒരു വൈദേശിക മതത്തിനും അതിന്റെ സുവിശേഷകർക്കും സാധിക്കാത്തത്തിൽ അത്ഭുതമില്ല.

## <u>നാല്</u>

ജാതിയും ശുദ്ധിയും മാലിന്യവും തമ്മിൽ സങ്കീർണമായ ബന്ധങ്ങൾ നിലവിലുള്ള ഇത്തരമൊരു സമൂഹത്തിലേക്കാണ് ഗാന്ധിജി കടന്നു വരുന്നത്. ഇന്ത്യൻ ജനതയുടെ ശുചിത്വബോധത്തെയും മാലിന്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെയും അടിമുടി പുതുക്കിപ്പണിയുന്നതിലൂടെ ഗാന്ധിജി സമൂഹത്തിലെ ജാതിവ്യവസ്ഥയുടെതന്നെ അടിത്തറയിളക്കാൻ ശ്രമിച്ചു. ഗാന്ധിയെ കുറിച്ച് പറയുന്ന ഒരു കഥ ചരിത്രകാരനായ ഡോ. കെ.എൻ. പണിക്കർ ഉദ്ധരിക്കുന്നുണ്ട്: പിൽക്കാലത്ത് പ്രമുഖ ഗാന്ധിയനായി മാറിയ ബി.എൻ. പാണ്ഡേ ആദ്യമായി ഗാന്ധിയെ കാണാൻ ചെന്ന സന്ദർഭമാണത്. പതിനേഴാം വയസ്സിൽ സബർമതിയിൽ ചെന്ന് ഗാന്ധിയെ നേരിൽ കണ്ട അദ്ദേഹം ഗാന്ധിയുടെ ശിഷ്യനാവാൻ ആഗ്രഹിക്കുന്നു എന്ന് അറിയിച്ചു. ഗാന്ധിജി സമ്മതിച്ചു.
പിറ്റേന്ന് രാവിലെ പാണ്ഡേയെ അടുത്ത് വിളിച്ചു ഗാന്ധിജി ചോദിച്ചു: “ബ്രാഹ്മണനാണ്, അല്ലെ?”
അതെ എന്ന് പാണ്ഡേ.
ഗാന്ധി: “ കക്കൂസ് കഴുകുന്നതിൽ വിരോധമില്ലല്ലോ?”
ഇങ്ങനെയാണ് ഗാന്ധിജി ജാതിബോധത്തെ തകിടം മറിച്ചത്.

ജാതിയുടെ അടിസ്ഥാനമായ ശുദ്ധി എന്ന സങ്കൽപ്പത്തിന് പകരമായി ശുചിത്വബോധത്തെയും ആത്മശുദ്ധിയേയും ഗാന്ധിജി പ്രതിഷ്ഠിച്ചു. ഇത്തരമൊരു വിപ്ലവത്തിലൂടെ ഹിന്ദുസമുദായത്തെയും ഇന്ത്യൻ സമൂഹത്തെ തന്നെയും പുന:സംഘാടനം ചെയ്യാൻ ഗാന്ധിജിയ്ക്ക് സാധിച്ചു. അതായിരുന്നു ഗാന്ധിയുടെ സ്വപ്നത്തിലെ സ്വച്ഛ ഭാരത്. കരം പിരിച്ചു കക്കൂസ് പണിയാൻ ഗാന്ധി ബ്രിട്ടീഷുകാരോട് ആവശ്യപ്പെട്ടില്ല. മറിച്ച് സ്വന്തം ബോധത്തെ പുതുക്കിപ്പണിയാൻ ഇന്ത്യക്കാരോട് ആവശ്യപ്പെടുകയാണ് ചെയ്തത്.

ഒരു ആധുനിക ജനാധിപത്യസമൂഹത്തിന്റെ സംസ്ഥാപനത്തിനുള്ള അടിസ്ഥാന മുന്നുപാധി നിയമത്തിനു മുന്നിൽ തുല്യരായ, തുല്യഅവകാശങ്ങളുള്ള പൗരസമൂഹമാണ്. ജാതിയുടെ പേരിൽ ഭിന്നിക്കപ്പെട്ടു നിന്ന ഇന്ത്യൻ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു പൗരസമൂഹത്തിന്റെ രൂപീകരണം ഗാന്ധിജിയുടെ രംഗപ്രവേശത്തിനു മുൻപ് വെറും വന്യമായ സ്വപ്നം മാത്രമായിരുന്നു. എന്നാൽ അശ്രാന്തമായ പരിശ്രമത്തിലൂടെയും ഉന്നതമായ ധാർമ്മികബോധ്യത്തിലൂടെയും സൂക്ഷ്മതലത്തിലുള്ള പ്രവർത്തനങ്ങളിലൂടെയും ഗാന്ധിജി അതിന് അടിത്തറയിട്ടു. ആധുനിക ഇന്ത്യ എന്ന ദേശരാഷ്ട്രം ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് ആധുനിക ദേശരാഷ്ട്ര

രൂപങ്ങളോട് ഏറ്റവും എതിർപ്പ് പുലർത്തുന്നുവെന്നു വിമർശകരാൽ ആരോപിക്കപ്പെട്ട ഗാന്ധിജിയോട് തന്നെയാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്നു എന്നതല്ല ഗാന്ധിയുടെ സംഭാവന. മറിച്ച് ഇന്ത്യയെന്ന ജനതയെ നിർമ്മിച്ചു എന്നതാണ്. ഗാന്ധിജി തന്റെ ചർക്കയിൽ നൂറ്റെടുത്തത് ഇന്ത്യ എന്ന ഈ രാഷ്ട്രത്തെ തന്നെയായിരുന്നു. ഗാന്ധിജി മരണപ്പെട്ട് ഒരു വർഷത്തിന് ശേഷം ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭയിൽ, പൂർത്തിയാക്കിയ ഇന്ത്യയുടെ ഭരണഘടന സമർപ്പിച്ചുകൊണ്ട് അംബേദ്കർ നടത്തിയ വിഖ്യാതമായ പ്രസംഗത്തിൽ, ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്ക പങ്കുവെക്കുന്നുണ്ട്. അടിസ്ഥാനപരമായി ജനാധിപത്യരഹിതമായ ഇന്ത്യയിൽ ജനാധിപത്യമെന്നത് മേൽമണ്ണ് മാത്രമാണ് എന്നും അത് ജനങ്ങൾ ആന്തരവത്കരിക്കേണ്ട മൂല്യമായി മാറേണ്ടതുണ്ട് എന്നും അദ്ദേഹം പറഞ്ഞു[4]. അപരനോടുള്ള കരുതലാണ് അടിസ്ഥാനപരമായി ജനാധിപത്യം. അത് നമ്മെ പഠിപ്പിച്ചത് ഗാന്ധിജിയാണ്. അത് സാധ്യമാകുന്നതാകട്ടെ ഹൃദയം ഭേദചിന്തകളുടെയും സങ്കുചിതത്വങ്ങളുയും മാലിന്യങ്ങളൊഴിഞ്ഞ് വിശാലവും നിർമ്മലവുമാകുമ്പോഴാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം ജനിക്കുകയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ യൗവ്വനം ചെലവഴിക്കുകയും ചെയ്യുന്ന ഒരു ചെറുപ്പക്കാരനെ, എന്നെ, ഏറ്റവും സ്വാധീനിച്ചത് ഗാന്ധിജിയുടെ ആത്മശുദ്ധിയെക്കുറിച്ചുള്ള ഈ ദർശനമാണ്. അനീതിയും പാതകങ്ങളും പെരുമഴ പോലെ പെയ്യുന്ന ഈ സത്യാനന്തര കാലത്തും മനുഷ്യനിലുള്ള വിശ്വാസവും കരുണയും വളർത്തുന്ന ചിന്തയാണത്. മഹാപ്രളയം വന്നു മൂടിയാലും മറുകര കടക്കാൻ ആ ചിന്തയുടെ ഒരു ചീന്ത് മതി. ലോകം മുഴുവൻ ഇരുൾ മൂടിയാലും ആ വെളിച്ചത്തിന്റെ ഒരു നുറുങ്ങു മാത്രം മതി.

------------------------

**<u>കുറിപ്പുകൾ</u>**

[1] ഈ ഭാഗത്തെ ആശയങ്ങൾക്ക് സുധീർ കക്കർ, കാതറീന കക്കർ എന്നിവർ ചേർന്നെഴുതിയ Indians: Portrait of a People എന്ന പുസ്തകത്തോട് കടപ്പാട്. മാലിന്യത്തിന്റെ പ്രധാന സ്രോതസ്സായ മലം യൂറോപ്പ്യരെ സംബധിച്ചിടത്തോളം ഏറ്റവും വലിയ പ്രശ്നമാണ്. ഇംഗ്ലീഷിൽ ഷിറ്റ്, ആസ്സ്, ആസ്സ്ഹോൾ തുടങ്ങിയ വിസർജനവുമായി ബന്ധപ്പെട്ടവയൊക്കെ അസഭ്യവാക്കുകളാണ് എന്നോർക്കുക.

[2] കാരണം താഴ്ന്ന ജാതിക്കാരുടെ സ്പർശമോ ശരീരദ്രവങ്ങളോ പോലും മേൽജാതിക്കാരെ മലിനപ്പെടുത്തുന്നു. താഴ്ന്ന ജാതിക്കാർ മേലാളരെ

സംബധിച്ചിടത്തോളം മലത്തിന്റെ-അഥവാ മാലിന്യത്തിന്റെ അപര രൂപമാണ്. അതുകൊണ്ടുതന്നെ മലം കോരുന്ന ജോലി താഴ്ന്ന ജാതിക്കാരുടേതാണ്.

[3] വളരെ പ്രചാരമുള്ള ഒരു ഐതീഹ്യകഥയുണ്ട്. ഒരിക്കൽ പാണ്ഡവർ ശ്രീകൃഷ്ണനെ സമീപിച്ചു. തങ്ങൾ ഒരു തീർഥയാത്രക്ക് പുറപ്പെടുകയാണെന്നും പുണ്യസ്ഥലങ്ങളിൽ സ്നാനം ചെയ്യലാണ് ഉദ്ദേശമെന്നും അവർ അറിയിച്ചു. കൃഷ്ണനേയും ഈ തീർഥയാത്രക്ക് അവർക്ക് ക്ഷണിച്ചു. എന്നാൽ കൃഷ്ണൻ അതിൽ വലിയ താൽപ്പര്യം പ്രകടിപ്പിച്ചില്ല. എന്തുകൊണ്ടാണ് തങ്ങളുടെ ആവശ്യം നിരാകരിച്ചത് എന്ന് അവർ എത്രയാരാഞ്ഞിട്ടും കൃഷ്ണൻ പറഞ്ഞുമില്ല. അങ്ങനെയെങ്കിൽ തങ്ങൾക്കൊപ്പം എന്തെങ്കിലുമൊരു വസ്തു തന്നു വിടണമെന്നും പുണ്യസ്ഥലങ്ങളിലെ സ്നാനത്തിൽ ആ വസ്തുവിനെക്കൂടി ഉൾപ്പെടുത്താമെന്നും പാണ്ഡവർ പറഞ്ഞു. കൃഷ്ണൻ അവർക്ക് നൽകിയത് വലിയൊരു പാവയ്ക്കയായിരുന്നു. നീണ്ട തീർഥാടനത്തിനു ശേഷം ഒരുപാട് പുണ്യതീർഥങ്ങളിൽ മുക്കിയ ആ പാവയ്ക്ക പാണ്ഡവർ കൃഷ്ണന് തിരികെ നൽകി. കൃഷ്ണൻ അത് കിട്ടിയപാടെ മുറിച്ചു അഞ്ചു കഷണങ്ങളാക്കി പാണ്ഡവർക്ക് തന്നെ നൽകി. അത് വായിൽ വെച്ച പാടെ കൊടിയ കയ്പ്പു കാരണം അവർക്ക് കലശലായ മനം പിരട്ടലും ഓക്കാനവും അനുഭവപ്പെട്ടു. എന്തുപറ്റി എന്ന് കൃഷ്ണൻ ആരാഞ്ഞപ്പോൾ പാവയ്ക്കയുടെ കയ്പ്പ് അസഹനീയമാണ് എന്ന് പാണ്ഡവർ മറുപടി പറഞ്ഞു.
അപ്പോൾ കൃഷ്ണൻ പറഞ്ഞു: "ഇത്രയധികം പുണ്യസ്ഥലങ്ങളിൽ സ്നാനം ചെയ്ത ശേഷവും അതിന്റെ കയ്പ്പിനു ഒരു ശമനവും ഉണ്ടായില്ലല്ലോ. അപ്പോൾ വെറുതേ സ്നാനം ചെയ്യുന്നത് കൊണ്ട് ഒരു വസ്തുവിന്റെ സ്വതസിദ്ധമായ ഗുണദോഷങ്ങൾക്ക് ഒരു മാറ്റവും സംഭവിക്കുന്നില്ല. അങ്ങനെ തന്നെ മനുഷ്യന്റെ കാര്യവും"
കൃഷ്ണനെ സംബന്ധിച്ചിടത്തോളം ഒരു വസ്തുവിന്റെ അന്തസ്ഥിതമായ ഗുണദോഷങ്ങൾ എത്ര പുണ്യസ്നാനം നടത്തിയാലും മാറാൻ പോകുന്നില്ല. ഒരു സംഗതി മലിനമായിരിക്കുന്നത് അതിന്റെ സ്വാഭാവിക പ്രകൃതി മലിനമായതുകൊണ്ടാണ്. അത് സ്ഥിരമായ, പരിണാമരഹിതമായ, മാറ്റം സാധ്യമല്ലാത്ത മൂല്യമായിരിക്കും. വർണ-ജാതിവ്യവസ്ഥ രൂഢമൂലമായ ഒരു സമൂഹത്തിന് ഏറ്റവും അനുയോജ്യമായ പ്രത്യയശാസ്ത്രമാണത്. മനുഷ്യ പ്രയത്നത്തിന് ഒരു മാറ്റവും സാധ്യമാകാത്തവിധം മലിനമായത് എന്നെന്നും മലിനമായി തന്നെ തുടരും. ഇന്ത്യൻ വർണസങ്കൽപ്പമനുസരിച്ച് മലിന(ഹീന) ജാതികൾക്ക് എത്ര ശ്രമിച്ചാലും ദ്വിജന്റെ സ്ഥാനത്തേക്ക് ഉയർന്നു വരാനാവില്ല. അതേ സമയം ദ്വിജൻ എത്ര മലിനമായ പ്രവർത്തി ചെയ്താലും അവൻ ആചാരപരമായ ശുദ്ധി പാലിക്കുന്നിടത്തോളം അവന്റെ ഉന്നതനിലയ്ക്ക് ഒരു കോട്ടവും തട്ടില്ല.

[4] *"Constitutional morality is not a natural sentiment. It has to be cultivated. We must realise that our people have yet to learn it. Democracy in India is only a top-dressing on an Indian soil which is essentially undemocratic."* - Excerpts from the Constituent Assembly speech by Dr B.R. Ambedkar on Friday, the 25th November, 1949.

# ഗാന്ധിജി എനിക്കാരാണ്

**റോബിൻസേവ്യർ**

ഭാരതത്തിന്റെ 'എന്നത്തേയും' രാഷ്ട്രപിതാവിന്റെ നൂറ്റമ്പതാം ജന്മ വാർഷികവും രക്തസാക്ഷിത്വത്തിന്റെ ഏഴുപതിറ്റാണ്ടും പിന്നിടുമ്പോഴും അദ്ദേഹത്തിന്റെ ജീവിത മാതൃക ഇന്നും ചർച്ചാവിഷയമാണ്. അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നും നമ്മോടൊപ്പം തന്നെയുണ്ട് എന്നുമുള്ള കാലത്തെ അതിജീവിക്കുന്ന ഓർമ്മകൾ. മാനവരാശിക്ക് പ്രത്യാശയുടെ പ്രകാശം പകർന്ന വിശ്വപൗരൻ.

നാലിലോ, അഞ്ചിലോ മറ്റോ പഠിക്കുമ്പോഴാണ് ഞാനാദ്യമായി ഗാന്ധിജിയെകുറിച്ചുള്ള ചെറുകഥ വായിക്കുന്നത്. 'കെറ്റിൽ' എന്ന വാക്കിന്റെ സ്പെല്ലിംഗിനെ കുറിച്ചുള്ള കഥ. ഇംഗ്ലീഷ് സ്പെല്ലിംഗ് കാണാതെ പഠിക്കുന്ന കാര്യത്തിൽ ഏറ്റവും പിന്നിൽ നിന്ന് ആദ്യം നിൽക്കുന്ന എനിക്ക് പലപ്പോഴും ലഭിച്ചിട്ടുള്ള ചൂരൽകഷായം ആ പാവം കുഞ്ഞുഗാന്ധി മോഹൻദാസിനും ലഭിച്ചിട്ടുണ്ടാകുമല്ലോ എന്നോർത്തപ്പോൾ ഒരാശ്വാസമാണ് ആദ്യം തോന്നിയത്. എനിക്ക് കൂട്ടിന് രാഷ്ട്രപിതാവ് തന്നെയുണ്ടല്ലോ എന്ന തോന്നൽ. പിന്നീട് പതിയെ 'കേട്ടെഴുത്തി'നെ (Dictation) കുറിച്ചുള്ള ഭയം മാറിതുടങ്ങി. ആ സത്യസന്ധത ചെറുതല്ലാത്ത ഒരു ഉൾബോധമാണ് എന്നിലേകിയത്. ദൈവത്തിന് അനേകം നിർവചനങ്ങളുടെങ്കിലും, പലരും ദൈവാനുഭവത്തെ അവർക്കിണങ്ങുന്ന രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും ഗാന്ധിജി അതിനെ സത്യം എന്നുമാത്രമേ കരുതിയിരുന്നുള്ളു.

ജീവിച്ചിരിക്കുമ്പോൾ എഴുപതാം വയസ്സിൽ തന്റെ ജന്മദിനം ആഘോഷിക്കുവാൻ താൽപര്യം പ്രകടിപ്പിച്ച അനുയായികളോട്, നിർബന്ധമാണെങ്കിൽ ആ ദിനം ചർക്ക ദിനമായി ആചരിക്കാനാണ് ഗാന്ധിജി നിർദ്ദേശിച്ചത്. ഗാന്ധിജയന്തിയോടനുബന്ധിച്ച് പണ്ട് സ്ക്കൂളുകളിൽ ഉണ്ടായിരുന്ന സേവന വാരം വിദ്യാർത്ഥികളിൽ സേവന ബോധം വളർത്തിയിരുന്നുവെന്ന സത്യം നാം വിസ്മരിച്ചുകൂടാ. കുമ്മായം കലക്കി സ്കൂൾ ചുമരുകൾ വെള്ളയടിക്കുന്നതും ക്ലാസ്സ്റൂമും ബഞ്ചും ഡസ്ക്കും ഒക്കെ തേച്ചു കഴുകുന്നതും, മൂത്രപ്പുരകൾ ശുചിയാക്കുന്നതും ഒക്കെ ഒത്തൊരുമയോടെ സംഘമായി ചേർന്ന് ചെയ്യുന്ന കാലം ...ആ സന്തോഷം ഇനി എവിടെ ലഭിക്കാനാണ്.

എട്ടാം ക്ലാസ്സിലെ ഹിന്ദി പാഠപുസ്തകത്തിലാണെന്ന് തോന്നുന്നു ഗാന്ധിജിയെ ദക്ഷിണാഫ്രിക്കയിൽ വച്ച് വെള്ളക്കാരൻ കരണത്ത് തല്ലിയ ഭാഗം പഠിച്ചത്. പള്ളിയിൽ വികാരിയച്ചൻ പ്രസംഗിച്ച വേദപാഠം - ഒരു കരണത്തടിക്കുന്നവന് മറ്റെകരണവും കൂടി കാട്ടിക്കൊടുക്കുക എന്നത് ഓർത്ത ഞാൻ ക്രിസ്ത്യാനിയെക്കാൾ വലിയ ക്രിസ്ത്യാനി ഗാന്ധിജി തന്നെയാണ് എന്ന വലിയ സത്യം മനസ്സിലാക്കി. അടുത്ത ദിവസം ഞങ്ങളുടെ സ്കൂളിൽ വന്ന ഫ്രഞ്ച് പാതിരിയെ കണ്ടപ്പോൾ പാവം ഗാന്ധിജിയെ തല്ലിയ സായിപ്പിനെയാണ് ഓർമ്മ വന്നത്. എന്റെ സമീ പത്ത് കല്ലുകൾ ഒന്നും ഇല്ലാതിരുന്നത് സായിപ്പിന്റെ ഭാഗ്യം! എന്താ യാലും ആ വർഷത്തെ കേറ്റികിസം (വേദപാഠം) പരീക്ഷയിൽ ഒന്നാമനാ യപ്പോൾ ഗാന്ധിജിയുടെ "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" ആണ് സമ്മാനമായി ലഭിച്ചത്. ആദ്യവായനയിൽ എല്ലാമൊന്നും മനസ്സി ലായില്ലയെങ്കിലും ഉള്ളിലെവിടെയൊക്കെയോ ഇറങ്ങിചെല്ലുന്ന എന്തൊക്കെയോ ചിലത് അതിലുണ്ടായിരുന്നു. തെറ്റു കുറ്റങ്ങളുള്ള, അതിനെ കുറിച്ച് തിരിച്ചറിവുള്ള, പശ്ചാത്താപവും പാപ ബോധവുമുള്ള ആ നിഷ്കളങ്ക മനസ്സാണ് എന്നെ അദ്ദേഹത്തിലേക്ക് ഏറെ അടുപ്പിച്ചത്. അതു കാരണം വഴിയിൽ കളഞ്ഞുകിട്ടിയ ഞാനാഗ്രഹിച്ചിരുന്ന ഹീറോ പെൻ സ്വന്തമായി ഉപയോഗിക്കണമെന്നു കരുതിയെങ്കിലും ഉടമസ്ഥനെ കണ്ടു പിടിച്ച് അതേൽപ്പിക്കാനുള്ള മനസ്സ് എനിക്കുണ്ടായി.

ചെറിയ പ്രായത്തിൽ ഇന്ദിരാഗാന്ധി (അക്കാലത്തെ പ്രധാനമന്ത്രി) ഗാന്ധിജിയുടെ മകളാണെന്നായിരുന്നു എന്റെ വിശ്വാസം. ഈ 'അറിവ്' പകർന്നു തന്നതാകട്ടെ വീട്ടിലെ ജോലിക്കാരനായിരുന്ന അപ്പുമാമനും. ഇന്ദിരാഗാന്ധിയുടെ തിരുവനന്തപുരം സന്ദർശനത്തിനിടെ ശംഖുമുഖം എയർപോർട്ടിൽ നിന്നും കവടിയാർ രാജ് ഭവനിലേയ്ക്ക് കാറിൽയാത്ര ചെയ്യുന്നത് റോഡരികിൽ നിന്ന് കണ്ടത് ഇപ്പോഴും സ്മരണയിൽ തങ്ങി നിൽക്കുന്നു. നാലഞ്ച്വയസ്സ് പ്രായത്തിൽ പച്ച ഓലയും കൊച്ചങ്ങയും കൊണ്ട് കൂട്ടുകാരുമായി വെള്ളയ്ക്കാവണ്ടിയും കണ്ണടയുമുണ്ടാക്കികളി ക്കുമ്പോൾ ഓട്ടകണ്ണട വയ്ക്കുന്നയാൾ 'കാന്തി'യും (മിക്കവാറും അതിന് ഭാഗ്യം മെലിഞ്ഞ് ഉണങ്ങി നീണ്ട ജോയിക്കാവും) മറ്റുള്ളവർ ശിഷ്യരും ആയിമാറുന്നത് ഗൃഹാതുരതയോടെ ഞാൻ ഇന്നും ഓർക്കുന്നു. എങ്കിലും "സത്യാന്വേഷണ പരീക്ഷണങ്ങൾ"എല്ലാം എനിക്കത്ര രുചിച്ചില്ല. പാവം കസ്തൂർബയെ സ്വന്തം നിഷ്ഠകൾക്കനുസരിച്ച് ജീവിക്കണം എന്ന ഗാന്ധിജിയുടെ വാശി എന്നെ കുറച്ചൊന്ന് അലോസരപ്പെടുത്തിയിട്ടുണ്ട്. കസ്തൂർബയുടെ അസുഖം ഭേദമാക്കാൻ ബീഫ് സൂപ്പ് കൊടുക്കണ മെന്നും അത് കൊടുത്തില്ലെങ്കിൽ അവർ ജീവനോടെ ഉണ്ടാകില്ലായെന്നും ഡോക്ടർമാർ വിധിക്കുമ്പോൾ അതിനു തയ്യാറാവാത്ത ഗാന്ധിജിയോട് നേരിയ അമർഷവും തോന്നിയിരുന്നു. എന്നാൽ ആത്മസംയമന ത്തിന്റെയും ചില തത്ത്വങ്ങളുടെയും നിലപാടുതറയിൽ ഉറച്ചുനിൽക്കുക യായിരുന്നു അദ്ദേഹമെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി.

സാമൂഹ്യസേവനത്തിന്റെ പാത എന്താണെന്ന് ആദ്യമായി കാട്ടിതന്നത് ഗ്രാമങ്ങളിലും നഗരങ്ങളിലെ ചേരികളിലും ചർക്കയും ശാന്തിമന്ത്രവുമായി എത്തിയ ഈ മഹാത്മാവാണ്. സ്കൂളിലെ സോഷ്യൽ സർവ്വീസ് ലീഗിലെ അംഗമായി, പിന്നെ അതിന്റെ പ്രസിഡന്റായി ആശുപത്രികളിലും അനാഥാലയങ്ങളിലും സഹായമെത്തിക്കുവാൻ തോമസ് ചക്കാലക്കൽ അച്ചനുമായി മുന്നിട്ടിറങ്ങിയപ്പോളാണ് ഗാന്ധിയെന്ന യുഗ പുരുഷന്റെ സന്ദേശങ്ങൾ കൂടുതൽ മനസ്സിലാക്കാനായത്. പിന്നീട് കേരള സർവകലാശാല ആസ്ഥാന മന്ദിരത്തിനു സമീപമുള്ള ചേരിയിലെ ഏറ്റവും പാവപ്പെട്ട ഒരു കുടുംബത്തിന് വീടുവച്ചു കൊടുക്കാനുള്ള യജ്ഞത്തിൽ പങ്കാളിയാകാൻ കഴിഞ്ഞത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.

മാർ ഇവാനിയോസ് കോളേജിൽ ഡിഗ്രിക്കു പഠിക്കുമ്പോഴാണ് നാഷണൽ സർവീസ് സ്കീമിൽ (NSS) ഒരംഗമായി മാറുന്നത്. തികഞ്ഞ ഗാന്ധിയരായ ഫാദർ സന്തോഷും പ്രൊഫ. ജോർജ് വർഗീസും ഗാന്ധിയൻ സന്ദേശങ്ങൾ വിദ്യാർത്ഥികളിലെത്തിക്കുന്നതിനും സേവനത്തിന്റെ മഹത്വം പഠിപ്പിക്കുന്നതിനും എടുത്ത ശ്രമങ്ങളെ നന്ദിയോടെ ഇന്നും സ്മരിക്കുന്നു. പ്രൊഫ. ജോർജ് വർഗീസ് സാറിന്റെ പറമ്പിൽ സബർമതിയിലെ പോലെ ഒരാശ്രമവും ചർക്കയും ഉണ്ടായിരുന്നു. ചാണകം മെഴുകിയ തറയിൽ ചമ്രം പടിഞ്ഞിരുന്ന് ഗാന്ധി മന്ത്രങ്ങൾ ഉരുവിട്ടതും ഉച്ചയ്ക്ക് അവലും പഴവും കഴിച്ചതും ഒക്കെ മുപ്പത് വർഷത്തിനു ശേഷവും മായാതെ നിൽക്കുന്നു. സാറുമായി ഒരിക്കൽ ഉപവാസ സമരത്തിന് പോയതും സത്യാഗ്രഹമിരുന്നതും പിന്നീട് കോളേജ് NSS സെക്രട്ടറി ആയതും പഴയചരിത്രം. ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങി എത്തിയ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കൊൽക്കത്ത സമ്മേളനത്തിലെത്തിയപ്പോൾ ഉണ്ടായ ഒരു സംഭവം വർഗ്ഗീസ് സാർ പറഞ്ഞാണ് അറിയാൻ കഴിഞ്ഞത്. ഗാന്ധിജി പങ്കെടുത്ത ആദ്യ സമ്മേളനമായിരുന്നു അത്. സമ്മേളനത്തിന് നേരത്തേ എത്തിയ ഗാന്ധിജി കണ്ടത് സമ്മേളന വേദിക്ക് ചുറ്റുമുള്ള വൃത്തിഹീനമായ പരിസരമാണ്. ഒരു ചൂലെടുത്ത് അവിടം വൃത്തിയാക്കുവാൻ അദ്ദേഹം ആരംഭിച്ചു. അതിനു ശേഷം കോൺഗ്രസ് ഓഫീസിൽ ചെന്ന് എന്തെങ്കിലും ജോലി ഉണ്ടെങ്കിൽ ചെയ്യാം എന്നറിയിച്ചു. ഗാന്ധിജിയെ മനസ്സിലാക്കാത്ത അവിടെയുള്ളൊരു ഭാരവാഹി കത്തുകൾക്കുള്ള കവർ ഒട്ടിക്കുന്ന ജോലി അദ്ദേഹത്തെ ഏൽപ്പിച്ചു. സന്തോഷത്തോടെ അദ്ദേഹം അത് ചെയ്യുകയും ചെയ്തു. വൃത്തി ബോധവും, എന്ത് ജോലിയും ഏറ്റെടുത്ത് ചെയ്യാനുള്ള സന്നദ്ധതയും എനിക്കുളവാക്കിയതിൽ ഗാന്ധിജിയുടെ ഈ സമീപനം ഏറെ സഹായിച്ചിട്ടുണ്ട്.

പി.ജി.ക്ക് കേരള സർവ്വകലാശാല കോമേഴ്സ് പഠന വകുപ്പിൽ പഠിക്കുമ്പോഴാണ് മറ്റൊരു ഗാന്ധിയനുമായി ബന്ധപ്പെടുന്നത്. ഞങ്ങളുടെ ക്ലാസ്സ് ടീച്ചറായിരുന്ന പ്രൊഫ.(ഡോ) സി.വി.ജയമണി. നന്നെ മെലിഞ്ഞ ശരീര പ്രകൃതിയുള്ള ഇദ്ദേഹം സസ്യ ഭോജനവും പ്രകൃതി ജീവനവും ജീവിതചര്യയാക്കിയ വ്യക്തിയായിരുന്നു. ഗാന്ധിയൻ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ജയമണിസാർ (പിന്നീട് കേരള സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറായി) ഒരിക്കൽ ഞങ്ങളെ ഉച്ചഭക്ഷണത്തിന് ക്ഷണിച്ചു. കാര്യമായ ഒരു സദ്യ പ്രതീക്ഷിച്ചുചെന്ന ഞങ്ങൾക്ക് കിട്ടിയത് അവലും മുളപ്പിച്ച പയറും, തേങ്ങാപ്പൂളും, പഴവും ഒക്കെയായിരുന്നു. സ്വാദിന്റെ ഇരിപ്പിടം നാക്കല്ല മനസ്സാണെന്ന് അന്ന് തിരിച്ചറിഞ്ഞു. എങ്കിലും ആ ഒരു മാറ്റം എന്തുകൊണ്ടും നന്നായി. പ്രകൃതി ഭക്ഷണ രീതിയെ കുറിച്ചും ഗാന്ധിജിയുടെ ജല ചികിത്സയെ കുറിച്ചുമൊക്കെ കൂടുതലറിയാൻ പറ്റി. ഒപ്പം ഗാന്ധിജിയുടെ ആശ്രമ ജീവിത രീതിയെ കുറിച്ചുള്ള ഒട്ടനവധി വിവരങ്ങളും.

പിന്നീട് ''ഫ്രീഡം അറ്റ് മിഡ്നൈറ്റ്'' ലൂടെ വായിച്ചറിഞ്ഞ ഗാന്ധിജി വ്യത്യസ്തനായിരുന്നു. ഡൊമിനിക്ക് ലാപ്പിയറും, ലാറി കോളിൻസും അവതരിപ്പിച്ച ഗാന്ധിജി, 'ലക്ഷ്യം മാർഗത്തെ സാധൂകരിയ്ക്കണം' എന്ന പിടിവാശിക്കാരനായ ഗ്രാമീണവും ശുദ്ധവുമായ മനസ്സിന്റെ ഉടമ, പലപ്പോഴും നീണ്ട സഹന മുറകളിലൂടെയും വിഭജന കാലത്തെ മനസംഘർഷങ്ങളിലൂടെയും ഒക്കെ കടന്നു പോയ ആ പച്ച മനുഷ്യന്റെ ജീവിതം എത്രയെത്ര ജീവിതങ്ങളിൽ വെളിച്ചം പ്രസരിപ്പിച്ചിട്ടില്ല!

പഠനം ഒക്കെ കഴിഞ്ഞ് ഒരു സർക്കാരുദ്യോഗസ്ഥനായി മാറി അങ്ങനെ കഴിയുമ്പോഴാണ് വീണ്ടും ആ മഹാത്മാവ് എന്നെ വന്നു വിളിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനിലെ KVIC ഓഡിറ്ററുടെ രൂപത്തിൽ. അഞ്ചുവർഷം നീണ്ട KVIC യിലെ സേവനം ഗാന്ധിജിയെന്ന വ്യക്തിയെപറ്റി കൂടുതൽ അറിയുന്നതിനും ഗ്രാമസ്വരാജിന്റെ മഹത്വം മനസ്സിലാക്കുന്നതിനും, പൂർണ്ണമായും ഖാദി തുണിത്തരങ്ങൾ ധരിക്കുന്നതിനും, ഗ്രാമ വ്യവസായോത്പന്നങ്ങൾ ഉപയോഗിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നിമിത്തമായി. ഗാന്ധിജിയാൽ സ്ഥാപിക്കപ്പെട്ട ഇന്നും നിലനിന്നു പോരുന്ന, ഗാന്ധി മാർഗത്തിൽ ചരിക്കുന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ഗാന്ധി സേവാശ്രമങ്ങൾ സന്ദർശിക്കുവാൻ ഇതിലൂടെ ഭാഗ്യം ലഭിച്ചു. എന്നെ ഒട്ടൊന്ന് വേദനിപ്പിച്ചത് ഈ ആശ്രമങ്ങളിലുണ്ടായിരുന്നവരൊക്കെയും ഏതാണ്ട് 60 വയസ്സിന് മുകളിലുള്ളവരാണെന്നതായിരുന്നു. ഈ തലമുറ കഴിഞ്ഞാൽ പിന്നീട് ഇത്തരം ആശ്രമങ്ങളുടെ ഭാവി എന്താകും എന്ന ആശങ്ക പലപ്പോഴും ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ

അടുത്തയിടെ മുംബൈയും കൽക്കത്തയും സന്ദർശിച്ചപ്പോൾ ഈ ആശങ്ക മാറി. ആശ്രമങ്ങൾ രൂപത്തിലും ഭാവത്തിലും മാറിയെങ്കിലും ചർക്കകൾ പലേടത്തും യന്ത്രവൽക്കരിക്കപ്പെട്ടെങ്കിലും 'ഗാന്ധി മാർഗത്തിന്റെ' കാമ്പ് ഇന്നും കാത്തു സൂക്ഷിക്കപ്പെടുന്നു. രാജ്യാതിർത്തികൾ മറികടന്ന് മനുഷ്യനുള്ളിടത്തെല്ലാം നിറഞ്ഞു നിൽക്കുന്ന വിശ്വമാനവദർശനമായി അദ്ദേഹത്തിന്റെ ആശയങ്ങൾ പടർന്നു പന്തലിക്കുന്നു.

ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവുമായി അഞ്ചു തവണ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദ്ദേശമുണ്ടായിട്ടും നിഷേധിക്കപ്പെട്ട നേതാവാണ് ഗാന്ധിജി. 1937, 1938, 1939, 1947, ഒടുവിൽ മരണാനന്തരം 1948 ലും. പിൽകാലത്ത് അതേ മേഖലയിൽ നോബൽ സമ്മാനം നേടിയ എട്ടു ലോക നേതാക്കളെങ്കിലും, മഹാത്മാഗാന്ധിയാണ് തങ്ങളുടെ മാർഗ്ഗദർശിയെന്ന് നോബൽ പുരസ് കാരവേളയിൽ തന്നെ അഭിമാനപുരസ്സരം പ്രസ്താവിച്ചിട്ടുണ്ട്. അത് ചരിത്രത്തിലെ ഒരു വിരോധാഭാസം!

ലോകത്തിലെമ്പാടും സ്വാതന്ത്ര്യ മോഹികളും സമാധാന പ്രിയരും പൗരാവകാശങ്ങളിൽ വിശ്വസിക്കുന്നവരുമായ മനുഷ്യരും രാഷ്ട്രങ്ങളും അദ്ദേഹത്തിന്റെ സ്മരണ പുതുക്കുമ്പോൾ 'ഗ്രാമങ്ങളിലൂടെ ഒരു പുതിയ രാഷ്ട്ര നിർമ്മാണമെന്ന' ആ സ്വപ്നത്തിന്റെ ചിന്തയിലാണ് ഞാനിപ്പോൾ. ഒപ്പം ഗാന്ധിജി എന്നോടും നിങ്ങളോടും മന്ത്രിക്കുന്നു "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക."

**റോബിൻസേവ്യർ**
mob. 9495573663

## ജനാധിപത്യംജനങ്ങളിലൂടെ

ഇന്ത്യയുടെഗവർണർജനറൽആയിരുന്നമൗണ്ട്ബാറ്റൺപ്രഭുഗാന്ധിജിയെ ഒരിക്കൽസബർമതിആശ്രമത്തിൽസന്ദർശിച്ചു.
രണ്ട്ഗ്രാമങ്ങൾതമ്മിലുള്ളതർക്കത്തിന്മദ്ധ്യസ്ഥതവഹിച്ചിരുന്നഗാന്ധിജി യെകാണുവാൻഗവർണർജനറലിന്ഏറെനേരംകാത്തിരിക്കേണ്ടിവന്നു.
ചർച്ചകഴിഞ്ഞ്എത്തിയഗാന്ധിജിയോട്മൗണ്ട്ബാറ്റൺഹാസ്യാത്മകമാ യിതാൻഈരാജ്യത്തിന്റെഅധിപനായഗവർണർജനറലാണെന്ന്പറഞ്ഞു .അപ്പോൾഗാന്ധിജിപറഞ്ഞു "
താങ്കൾഈരാജ്യത്തിന്റെഗവർണർജനറൽആണെങ്കിൽഈരാജ്യത്തിന്റെ ഉടമകളായജനങ്ങളോടാണ്ഞാൻസംവദിച്ചുകൊണ്ടിരുന്നത്.ഈരാജ്യം അവരുടേതാണ്"
ജനാധിപത്യത്തിന്റെസകലഅർത്ഥതലങ്ങളുംസ്വാംശീകരിച്ചമറുപടിയാ യിരുന്നുഗാന്ധിജിമൗണ്ട്ബാറ്റണ്നൽകിയത്.

ഒരുരാജ്യത്തെപരമപ്രധാനമായഘടകമാണ്ജനങ്ങൾ.അവരുടെപ്രശ്നങ്ങ ങ്ങൾപരിഹരിക്കുന്നതിനാണ്എല്ലായിപ്പോഴുംമുന്തിയപരിഗണനനൽകേ ണ്ടത്.ജനാധിപത്യംജനങ്ങളുടെആധിപത്യമാണ്-
അവരുടെപരമാധികാരമാണ്.ജനാധിപത്യത്തിൽഏതൊരുഭരണാധികാ രിയെക്കാളും,രാഷ്ട്രത്തലവനെക്കാളുംജനങ്ങളുടെതാല്പര്യങ്ങളാണ്പര മപ്രധാനമായിട്ടുള്ളത്.

ജനങ്ങൾതങ്ങളുടെഭരണാധികാരികൾആരായിരിക്കണമെന്ന്തീരുമാനി ക്കുന്നഭരണസംവിധാനമാണ്ജനാധിപത്യം.ഈഭരണക്രമത്തിൽതങ്ങളുടെ പ്രതിനിധികളെതിരഞ്ഞെടുക്കാനും,
ഭരണകൂടത്തോടുയോജിക്കാനുംവിയോജിക്കാനുംജനങ്ങൾക്ക്സ്വാതന്ത്ര്യ മുണ്ട്.
നിലവിൽഏറ്റവുംമികച്ചഭരണസംവിധാനമാതൃകലോകജനതക്ക്നൽകു ന്നത്ജനാധിപത്യമാണ്.
ജനങ്ങളുടെവിശാലമായപങ്കാളിത്തംകൊണ്ടും,അവർഏറ്റവുംസംതൃ പ്തമായസംവിധാനമെന്നനിലക്കുംജനാധിപത്യംമഹനീയമാതൃകയാണ്.
ഈമാതൃകയെആണ്ഗാന്ധിജിപിൻപറ്റിയതും.ഇന്ന്ജനാധിപത്യംഭരണാ ധികാരികളുടെതാല്പര്യംസംരക്ഷിക്കാനായിട്ടുള്ളതാണ്.
ജനങ്ങളുടെതാല്പര്യങ്ങൾസംരക്ഷിക്കുന്നതിനോ,പ്രശ്നങ്ങങ്ങൾപരിഹ രിക്കുന്നതിനോസാധിക്കുന്നില്ല.
ഇന്ന്ജനങ്ങൾഭരണാധികാരികളെകാണാൻകാത്തുനിൽക്കുകയാണ്.
ഇവിടെയാണ്ഗാന്ധിജിയുടെമാതൃകനമ്മുക്ക്പാഠമാകേണ്ടത്.ഗാന്ധിജി യുടെജനസേവനതാല്പര്യങ്ങളുംഅതിന്നൽകിയപ്രാധാന്യവുംഏവരെ

യുംപ്രചോദിപ്പിക്കുന്നതാണ്.നമ്മുടെഭരണകർത്താക്കൾഇത്മനസ്സിലാക്കി
പ്രവർത്തിച്ചിരുന്നെങ്കിൽഎന്ന്ആശിച്ചുപോവുകയാണ്.

ഗാന്ധിജിക്ക്ജനസേവനംആത്മീയമായിരുന്നു.സാധാരണക്കാരന്റെകണ്ണീ
രൊപ്പാൻകഴിയുന്നതാകണംഭരണത്തിന്റെലക്ഷ്യമെന്ന്ഗാന്ധിജിനമ്മെഓ
ർമ്മപ്പെടുത്തിയിട്ടുണ്ട്.എന്നാൽഇന്ന്നമ്മുടെജനാധിപത്യംജനങ്ങളിൽനി
ന്ന്ഏറെഅകലെയാണ്.ജനങ്ങൾജനാധിപത്യത്തിന്റെപുറമ്പോക്കുകളി
ലേക്ക്തള്ളപ്പെട്ടുപോയിരിക്കുന്നു.ജനതാൽപര്യങ്ങളെഅവഗണിക്കുന്ന
ക്രമമായിനമ്മുടെജനാധിപത്യവ്യവസ്ഥകുത്തഴിഞ്ഞിരിക്കുന്നു.
ജനങ്ങളുടെസുരക്ഷിതത്വത്തെക്കാൾസങ്കുചിതതാല്പര്യക്കാരുടെഅഭയ
കേന്ദ്രമായിനമ്മുടെജനാധിപത്യസംവിധാനംമാറിപോയിരിക്കുന്നു.
ജനങ്ങൾക്ക്ജനാധിപത്യത്തെവിശ്വാസമല്ലാതായിരിക്കുന്നു.ഇത്തരത്തിൽ
ജനാധിപത്യമെന്നമഹത്തായസങ്കൽപ്പത്തിന്റെനാശത്തിന്റെവക്കിലാ
ണ്നാംജീവിക്കുന്നത്.

നമ്മുടെജനാധിപത്യത്തിന്റെനിലനിൽപ്പിന്ഗാന്ധിജിയുടെമാതൃകഭരണാ
ധികാരികൾസ്വീകരിക്കേണ്ടതുണ്ട്.
ജനങ്ങളിൽനിന്ന്അകന്ന്സുഖലോലുപതയുടെലോകത്ത്വിരാജിക്കുന്നഇ
ന്നത്തെഭരണകർത്താക്കൾ,രാഷ്ട്രീയപ്രവർത്തകർതുടങ്ങിയവർഗാന്ധിയു
ടെമേൽസൂചിപ്പിച്ചജീവിതമാതൃകസ്വജീവിതത്തിൽപകർത്തണം.
ഗാന്ധിജിയുടെജീവിതസന്ദേശമായിഅതിനെഉൾക്കൊണ്ട്ജനങ്ങളാണ്യഥാ
ർത്ഥപരമാധികളെന്ന്തിരിച്ചറിഞ്ഞ്അവരുടെപ്രശ്നങ്ങളുടെപരിഹരി
ക്കലായിരിക്കണംഓരോഭരണാധികാരിയുടെയുംഒന്നാമത്തെലക്ഷ്യം.
നൂറ്റിയൻപതാമത്ഗാന്ധിജയന്തിയിൽനമ്മൾപഠിക്കേണ്ടത്,പിന്തുടരേണ്ട
ത്അദേഹംതന്റെജീവിതത്തിൽപ്രകടമാക്കിയജനാധിപത്യത്തിന്റെപാ
തകളാണ്.ഈഗാന്ധിയൻമാതൃകപ്രാവർത്തികമാക്കിയാൽഇന്ന്ജനാധിപ
ത്യംനേരിടുന്നപലപ്രശ്നങ്ങളുംപരിഹരിക്കാനാകും.
ജനങ്ങളെകാത്ത്നിൽക്കുന്നകാവൽക്കാരാകണംഭരണകർത്താക്കൾ.എങ്ങ
ങ്കിൽമാത്രമേജനാധിപത്യംസമ്പുഷ്ട്ടമാകൂ.

Thomas Mathew
Research Scholar
Department of Political Science
University of Kerala
Kariavattom Campus

'GANDHI IN ME'

എന്നിലെ ഗാന്ധി

'മഹാത്മ' ഒരു സ്പിരിച്ച്വൽ റെവലേഷൻ ആണെന്ന് തോന്നിയിട്ടുണ്ട്. അഴീക്കോട് മാസ്റ്ററാണ് അത് ബോധ്യപ്പെടുത്തിത്തന്നത്. മാസ്റ്ററുടെ 'നവയാത്രകൾ' എന്ന അനുഭവലേഖനങ്ങളിലൊന്നിലൂടെയാണത്. സ്കൂൾവിദ്യാഭ്യാസം കഷ്ടിച്ചുപൂർത്തിയാക്കിയ സുകുമാരൻ എന്ന കണ്ണൂരുകാരൻ പയ്യൻ, സാക്ഷാൽ മഹാത്മാഗാന്ധിയെക്കാണാൻ സബർമതിയിലേക്കു തീവണ്ടികയറിയ ചരിത്രം. സ്വാതന്ത്ര്യസമരാനുഭവത്തിന്റെ ദേശീയവികാരതീവ്രത മനസ്സു നിറച്ചുണ്ടായിരുന്ന സുകുമാരന് ഈശ്വരനെ ദർശിക്കുന്നതു പോലെത്തന്നെ ഉത്കൃഷ്ടമായിരുന്നു അത്. ഗാന്ധിയോട് മിണ്ടാൻ സിക്രട്ടറിയുടെ അനുവാദത്തിനുചെന്ന പയ്യനോട് അദ്ദേഹം പറഞ്ഞു: 'ഗാന്ധി ധ്യാനത്തിലാണ്; മൗനവ്രതത്തിലും. ധ്യാനമുണരുവോളം കാത്തുനിൽക്കാമെന്നു [illegible] ആ പയ്യന് ഗാന്ധി, ദർശനത്തിനവസരം നൽകുകതന്നെ ചെയ്തു. അഴീക്കോട് എഴുതുന്നുണ്ട്: 'ഗാന്ധിജി ഒന്നും പറഞ്ഞില്ലെങ്കിലും എന്നോട് പുഞ്ചിരിച്ചു. ആ ചിരിയായിരുന്നു എനിക്ക് ആയുസ്സിലെ ഏറ്റവും വലിയ സമ്പാദ്യമായി' എന്ന്. അഴീക്കോടിന്റെ പ്രഭാഷണങ്ങൾ കേൾക്കുമ്പോഴും, ഗാന്ധിയെക്കുറിച്ചു പറയുന്ന നേരങ്ങളിലെല്ലാം അദ്ദേഹം ഈ ആത്മീയമായ വികാരനിർഭരതയിൽ പഴയതേ ആവർത്തിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ദേശത്തിന്റെ പിതാവ് എന്ന ആലങ്കാരിക വിശേഷണമായി മാത്രം ബാപ്പുവിനെ പഠിച്ചുവച്ചിരുന്ന എനിക്ക്, ഗാന്ധി ഒരു വലിയസാംസ്കാരികശക്തിയാണെന്ന് ചെറിയതരംഗങ്ങളിലൂടെ മനസ്സിലാക്കിത്തന്നതും ഇതുപോലെ ഒരു പുസ്തകമാണ്. തീരെചെറിയ ഒരു പുസ്തകം. എട്ടാംക്ലാസ്സിൽപഠിക്കുമ്പോൾ, സ്കൂളിലെ ഗാന്ധിദർശനപരിപാടിയുടെഭാഗമായി ഗാന്ധിസ്മാരകനിധി സംഘടിപ്പിച്ച പുസ്തകവില്പനയിലൂടെയാണ് പത്തുറുപ്പികയുടെ ആ പുസ്തകം എന്റെ കൈയിലെത്തിയത് ( അതോ നാലുറുപ്പികയോ?) . ഗാന്ധിസാഹിത്യത്തിൽ, മലയാളത്തിൽ ധാരാളം എഴുതിയിട്ടുള്ള കെ. ഭീമൻനായരുടെ 'മർദ്ദിതർക്കുവേണ്ടി' എന്ന ഗ്രന്ഥമായിരുന്നു അത്. തന്റെ ശാരീരികവും മാനസികവുമായ എല്ലാ ജീവിതസന്ദർഭങ്ങളെയും അശരണർക്കുവേണ്ടി ഉഴിഞ്ഞുവച്ച മഹാത്മയെ ഞാൻ അതിൽ നിന്നു മെല്ലെ കണ്ടെത്തി. ഇന്നും, അമൂല്യമായ ഒരു വസ്തുപോലെ അതെന്റെ ശേഖരത്തിലുണ്ട്. അന്നുമുതൽ ഇന്നോളം ഗാന്ധിയെക്കുറിച്ചുള്ളതും ഗാന്ധിയുടേതായതുമായ അനേകം പുസ്തകങ്ങൾ ഞാൻ സ്വന്തമാക്കിയിട്ടുണ്ടെങ്കിലും ആ ചെറിയപുസ്തകത്തോളം ഉൾച്ചൂട് മറ്റൊരുപുസ്തകവും ഗാന്ധിയുടേതായി എനിക്കു നൽകിയിട്ടില്ല ( അതൊരു വൈകാരികമായ ബന്ധമായിത്തീർന്നതാവാനും വഴിയുണ്ടെങ്കിലും!) .

സ്പിരിച്വൽറേഡിയേഷൻ എന്നു പറഞ്ഞതിന്റെ മറ്റൊരു വിശദീകരണവുംകൂടി പറയാം. ഗാന്ധിയെ ഒരിക്കലും നേരിട്ടുകണ്ടിട്ടില്ലാത്ത/ ഒരിക്കലും അങ്ങനെയൊരവസരം ലഭിക്കാനിടയില്ലാത്ത എനിക്ക് ഗാന്ധിയെ

2

സ്വർഗ്ഗീയനായിരുന്നെങ്കിൽ എന്നെന്നേക്കുമായ് അഗാധമായ് ഒരു മുഹൂർത്തമുണ്ട്. മധുരയിലെ ഗാന്ധിമ്യൂസിയത്തിൽ ബാപ്പുവിന്റെ ചോരപുരണ്ട വസ്ത്രം സൂക്ഷിച്ചിരിക്കുന്നതു കണ്ടപ്പോഴായിരുന്നത്. ചോര, അതിന്റെ ചുവന്ന നിറം ഉപേക്ഷിച്ച് കറുപ്പിന്റെ മങ്ങിയ പടർച്ചകളിലേക്കു ചെന്നിരുന്നു. എന്നാലും, പത്തെഴുപതുവർഷം പഴക്കമുള്ള ആ ചോരപ്പാടിൽ ബാപ്പുവിന്റെ വേദനാനിർഭരമായ് വിളി ഞാൻ കേട്ടു. ആയിടക്കാലത്ത് പ്രമോദ്കപൂറിന്റെ പുസ്തകം Gandhi: An Illustrated Biography കൈയിൽ വന്നപ്പോൾ (Lustre Press: 2016), ആദ്യം ഞാൻ തിരിച്ചുചെന്നത് ബാപ്പുവിന്റെ അന്ത്യരംഗത്തിന്റെ വിലാപചിത്രത്തിലേക്കാണ്. '1948, the last darshan of the Mahatma' എന്ന അടിക്കുറിപ്പോടെ ആ ചിത്രം കണ്ടു. വിലാപങ്ങളോടെ മനുവും ആഭയും ഗാന്ധിയുടെ പ്രിയപ്പെട്ട ശിഷ്യരും. 'ബാപ്പു എന്റെ അമ്മ' എന്ന ആത്മരചനയുണ്ടല്ലോ മനുവിന്റേതായി. അവർ ഗാന്ധിക്ക് മകളെന്ന ഊന്നുവടിയായിരുന്നു. താങ്ങും നിഴലുമായിരുന്നു. ആ ചിത്രത്തിലെ, വെടിയുണ്ടയേറ്റുതുളഞ്ഞനെഞ്ച് അഹിംസയുടെ ആ മഹാപ്രവാചകനുമേൽ വന്നുവീണ കുന്തമുനകളായിരുന്നു. ജീസസിന് ക്രൂശിലെ ജീവിതം പീഡ(trauma)യുടെ അസാധാരണമായ ദൈവനിശ്ചയങ്ങൾ സമ്മാനിച്ചതുപോലെ ഗാന്ധിയുടെ ശരീരവും വലിയൊരു പീഡനമുദ്രവാങ്ങിയാണ് മൃതിയിലേക്കു പോയത്. ആ മൃതി സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ജനാധിപത്യ വിശ്വാസത്തിന് വലിയകാവൽസ്വരമായിത്തീരുകയായിരുന്നു

അനേകം പ്രസംഗങ്ങളിൽ ഞാൻ ബാപ്പുവിനെ ഉദ്ധരിച്ചിട്ടുണ്ട്. ഈ ഏറ്റവും ഒടുവിലെ സന്ദർഭം ഒക്ടോബർ 14ന്, ഞങ്ങൾ പുതിയ ഓഫീസ്ബിൽഡിംഗിലേക്ക് [illegible] ആരംഭിച്ചപ്പോൾ ചെയ്ത ചെറിയ പ്രസംഗമാണ്. അപ്പോഴൊക്കെ രണ്ടു കൃതികൾ എന്റെ മനസ്സിൽ ഉണരാറുണ്ട്. ഡൊമിനിക് ലാപിയറുടെയും ലാറി കോളിൻസിന്റെയും 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ', ഗാന്ധിയുടെ തന്നെ ഗീതാവിവർത്തനമായ 'അനാസക്തിയോഗം'. രണ്ടിലും ഭാരതേതിഹാസത്തിന്റെ ആചാര്യനായ ബാപ്പുജിയുണ്ട്. അദ്ദേഹം, തന്റെ വിദേശവസ്ത്രങ്ങളും ആർഭാടവസ്ത്രങ്ങളും ഉപേക്ഷിച്ച് 'അർദ്ധനഗ്നനായ ഫക്കീറായപ്പോൾ അബ്ബാസ് ത്യാബ്ജി പരിഹസിച്ചു. ഗാന്ധിജിതാ തന്റെ ചിത്രം നാട്ടുകാർക്കും നൽകുന്ന എന്ന്! എന്നാൽ, ആ പരിഹാസത്തിലും വലുതായിരുന്നു ബാപ്പുവിന്റെ ദാർശനികധീരത. വിദേശവസ്ത്രബഹിഷ്കരണത്തിന്റെ മുദ്രാവാക്യവാചകങ്ങളായി ഗാന്ധി പറഞ്ഞിട്ടുണ്ടല്ലോ: 'We are removing today a pollution from our bodies . . . we attain today fitness to enter the temple of swaraj' എന്ന്. അന്നേന്നോട്ടും ആത്മധൈര്യം പ്രകടിപ്പിക്കാൻ സ്വയം എനിക്കു കഴിഞ്ഞെന്നു വരില്ല. പക്ഷേ, ഗാന്ധിയുടെ മാസ്റ്റർപീസായ The Hind Swaraj, എന്നും എനിക്കൊരു വഴികാട്ടിയും മാതൃകാപാഠപുസ്തകവും തന്നെയാണ്. അതാണ് എന്നിലെ അനാശാസ്യതയുടെ മാലിന്യങ്ങളെ കഴുകിക്കളയുന്ന ബാപ്പുവിന്റെ ആത്മീയവികിരണം.



# THE GANDHI IN ME



October 2nd, 2019 marks the 150th birthday of Mahatma Gandhi. Every Indian or every individual for that matter, need to reflect upon the life of this great philosopher, thinker and action leader that India could produce and ponder on inspiration to be drawn and transformational learning for the SELF. Taking a close look at the life and philosophy of Mahatma and dedicating ourselves to the nation through an internalized learning is the most cherished gift we can offer as a tribute to this leader.

IQAC, University of Kerala, would like to compile an edited volume on learning and inspiration drawn from the life of Mahatma Gandhi. We invite entries from students, researchers, teachers, administrative officials including Statutory officers, Senate and Syndicate members and employees on how the Mahatma influenced them through a notable Gandhian philosophy, Gandhian thought, practice or experience and key learnings drawn in their life. Initiate entries on 2nd October 2019, 150th birthday of Mahatma Gandhi.

*"Happiness is when what you think, what you say and what you do are in harmony"- Mahatma Gandhi*

## Guidelines

- *Identify a notable event in the life of Mahatma Gandhi.*
- *Link the same to a philosophy, thought or value that it highlights.*
- *State how the same inspired you.*
- *What was the ultimate learning?*

Entries to be confined to 500 words written in English, Hindi or Malayalam.

Last date for submission: **18th October 2019**.

Best Entries would be awarded.

Entries to be mailed to ***team.iqac@gmail.com***